(സി) ഈ വർഷം ഏതെല്ലാം സ്കൂളുകളിൽ എത്ര കുട്ടികൾക്കു കൂടി ഉച്ചഭക്ഷണം കൂടുതൽ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(ഡി) ഇതുമൂലം വരുന്ന അധികച്ചെലവ് എത്രയാണ്;

(ഇ) ഇക്കാര്യത്തിനു ബഡ്ജറ്റിൽ ഈ വർഷം തുക കൊള്ളിച്ചിട്ടുണ്ടോ;

(എഫ്) കൂടുതൽ കുട്ടികൾക്കു എന്നുമുതൽ ഭക്ഷണം കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

ഉത്തരം

(എ) 1985–86–ൽ 8584 പ്രൈമറി സ്കൂളുകളിലായി 19,09,000 കുട്ടികൾക്കു ഉച്ചഭക്ഷണം കൊടുത്തിരുന്നു. 1986–87 വർഷത്തെ കുട്ടികളുടെ എണ്ണം ശേഖരിച്ചു വരുന്നതേയുള്ളൂ.

(ബി) 1985–86–ലേക്കു ഉദ്ദേശം 6,29,23,500 രൂപ കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) കണക്കുകൾ ബന്ധപ്പെട്ട എ.ഇ.ഒ. മാർക്കു ലഭിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) സ്കൂൾ തുറന്നതുമുതൽ തന്നെ എല്ലാ എൽ.പി. സ്കൂളുകളിലും എല്ലാ കുട്ടികൾക്കും ഭക്ഷണം നൽകുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

പുതിയ കോളേജുകൾ തുടങ്ങുന്നതിന് പിന്നോക്ക പ്രദേശങ്ങൾക്ക്

മുൻഗണന

467 [506] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പിന്നോക്ക പ്രദേശങ്ങളിൽ കോളേജുകൾ തുടങ്ങുന്നതിന് മുൻഗണന നൽകുമോ ?

ഉത്തരം

സർവ്വകലാശാലകൾ ശുപാർശ ചെയ്തിട്ടുള്ള കോളേജുകളിൽ പലതും പിന്നോക്ക പ്രദേശങ്ങളിലാണ്. കോളേജുകൾ അനുവദിക്കുന്നത് സ്ഥലത്തിന്റെ പിന്നോക്കാവസ്ഥയുൾപ്പെടെയുള്ള കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ്.

തൃശ്ശൂർ ലാ കോളേജ്

468 [507] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ ഒരു ലാ കോളേജ് തുടങ്ങാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് ലാ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പീരുമേട്ടിൽ ഒരു ജൂനിയർ കോളേജ്

469 [509] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് കേന്ദ്രമാക്കി ഒരു ജൂനിയർ കോളേജ് അനുവദിക്കുന്നതിന് ഉത്തരവുണ്ടാകുമോ?

ഉത്തരം

പുതിയ കോളേജ് ആരംഭിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിലെ കോഴ്സുകൾ

470 [510] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ ഇപ്പോൾ നടന്നുവരുന്ന ഏതെങ്കിലും കോഴ്സുകൾ നിർത്തലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇസ്ലാമിക് ഹിസ്റ്ററി, ഉറുദു, അറബിക് എന്നീ കോഴ്സുകൾ നിർത്തലാക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ നടപടി റദ്ദ് ചെയ്യാൻ തയ്യാറാകുമോ?

ഉത്തരം

(എ, ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മച്ചിൽ പഞ്ചായത്തിൽ ഗവൺമെൻറ് കോളേജ്

471 [511] ശ്രീ. സി.പി. മുസ്സാൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മച്ചിൽ പഞ്ചായത്തിൽ ഗവൺമെൻറ് കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ പണി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഇല്ല.

സ്വന്തമായി കെട്ടിടമില്ലാത്ത ഗവൺമെൻറ് കോളേജുകൾ

472 [512] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്ത ഗവൺമെൻറ് കോളേജുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly